## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5461 04.07.2013- ൽ മറുപടിയ്ക്ക്

### മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനുള്ള മൃതശരീരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. തിലോത്തമൻ:** | | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| (എ) മെഡിക്കൽ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിന് മൃതശരീരം ലഭ്യമാക്കുന്നത് എവിടെനിന്നാണെന്ന് പറയാമോ; ആവശ്യത്തിനുള്ള മൃതശരീരം ഇപ്പോൾ ലഭിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഏറ്റെടുക്കാൻ ആരുമില്ലാത്ത മൃതശരീരം പഠനാവശ്യത്തിനായി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ലഭ്യമാക്കുന്നുണ്ട്. നിശ്ചിത ഫീസ് അടച്ചാൽ മറ്റ് മെഡിക്കൽ കോളേജുകൾക്കും ഇത്തരം ശവശരീരങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്. |
| (ബി) ശരീരദാനത്തിന് തയ്യാറാകുന്നവരെ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പറയാമോ; ഇത്തരം കേസുകളിൽ മൃതശരീരം യഥാസമയം എംബാം ചെയ്യുന്നതിനും ബന്ധുക്കളുടെ ആവശ്യ പ്രകാരം ശരീരം പൊതു ദർശനത്തിന് വയ്ക്കുന്നതിനും ബന്ധുക്കളിൽ നിന്നും മൃതശരീരം ഏറ്റുവാങ്ങി ആശുപത്രി യിലേക്ക് കൊണ്ടു പോകുന്നതിനും ആവശ്യമായ നടപടികൾ ആരാണ് ചെയ്യുന്നത്; ഇതിന്റെ സാമ്പത്തിക-ച്ചെലവ് പൂർണ്ണമായും സർക്കാർ വഹിക്കുമോ; ഇല്ലെങ്കിൽ അതിനാവശ്യ മായ നടപടികൾ സ്വീകരിക്കുമോ? | (ബി) | മരണാനന്തര ഭൗതിക ശരീരദാനവുമായി ബന്ധപ്പെട്ട സംശയ നിവൃത്തിക്കായി ബന്ധപ്പെടുന്നവർക്ക് ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ മെഡിക്കൽ കോളേജിൽ നിന്നും വ്യക്തമായി വിവരിച്ചു കൊടുക്കാറുണ്ട്. കൂടാതെ ഭൗതിക ശരീരദാനവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമാക്കുന്ന ലഘുലേഖ ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കാറുണ്ട്. മെഡിക്കൽ കോളേജ് മോർച്ചറികളിലും മറ്റു സർക്കാർ ആശുപത്രികളിലും എത്തിക്കുന്ന മൃതശരീരങ്ങൾ പ്രസ്തുത കോളേജുകളിലെ അനാട്ടമി വിഭാഗത്തിൽ എത്തിക്കുന്നത് കോളേജിലെ ആംബുലൻസ് സൗകര്യമുപയോഗി ച്ചാണ്. അനാഥാലയങ്ങളിൽ നിന്നും ഭൗതിക ശരീരം എത്തിക്കുന്ന ചെലവ് പ്രസ്തുത അനാഥാലയം നടത്തിപ്പുകാർ തന്നെ വഹിക്കാറുണ്ട്. പരേതാത്മാവിന്റെ മുൻ അഭിലാഷ പ്രകാരമുള്ള ഭൗതിക ശരീര ദാനത്തിൽ പരേതാത്മാവിന്റെ ബന്ധുക്കളാണ് ഈ ചെലവ് വഹിക്കുന്നത്. |

സെക്ഷൻ ഓഫീസർ